**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 186** **12-10-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സൗഹൃദ അന്തരീക്ഷത്തെ ബാധിക്കുന്ന സംഭവങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . ഷാഫി പറമ്പിൽ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ചില രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ പണം പിരിക്കാൻ വ്യവസായികളെ ഭീഷണിപ്പെടുത്തുന്ന സംഭവങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഇത് ഗൗരവമായി കാണുന്നുണ്ട്. ഒറ്റപ്പെട്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ കർശന നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) | ഇത്തരം സംഭവങ്ങൾ സംസ്ഥാനത്തെ വ്യവസായ സൗഹൃദ അന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കുന്നു എന്ന് കരുതുന്നുണ്ടോ; | (ബി) | തികച്ചും ഒറ്റപ്പെട്ട സംഭവങ്ങൾ പൊതുവിൽ നിലവിലുള്ള വ്യവസായ സൗഹൃദ അന്തരീക്ഷത്തെ ബാധിക്കുന്നതല്ല. |
| (സി) | വ്യവസായ സൗഹൃദ അന്തരീക്ഷം തകർക്കുന്നതായി പറയപ്പെടുന്ന ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | വ്യവസായ മേഖലയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകുകയാണെങ്കിൽ ആയതിനെതിരെ നടപടി സ്വീകരിക്കുവാൻ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകൾക്കും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾക്കും അധികാരം നൽകിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന വ്യവസായ പാർക്കുകളിലും എസ്റ്റേറ്റുകളിലും ഇത്തരം സംഭവങ്ങൾ പാർക്ക് തലത്തിലും മേഖലാ തലത്തിലും ഉണ്ടാകുകയാണെങ്കിൽ ആയത് പരിഹരിക്കുന്നതിന് പാർക്ക് തലത്തിലും മേഖലാ തലത്തിലും ടി സ്ഥാപനങ്ങളുടെ മാനേജിങ് ഡയറക്ടർ തലത്തിലും പരാതി പരിഹാര സെൽ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ സംരംഭക തലത്തിൽ ഇത്തരം പ്രശ്നങ്ങൾ ഉടലെടുക്കുകയാണെങ്കിൽ പ്രസ്തുത പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിനായി 'മീറ്റ് ദി മിനിസ്റ്റർ ', 'മീറ്റ് ദി ഇൻവെസ്റ്റർ ' എന്നീ പരിപാടികൾ നടത്തി വരുന്നുണ്ട്. നോക്കുകൂലി എന്ന പേരിൽ നടത്തുന്ന തെറ്റായ പ്രവണതയെ ഇല്ലാതാക്കുന്നതിനുള്ള ശക്തമായ നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുള്ളതും ഇക്കാര്യത്തിൽ പോലീസ് കർശനമായ സമീപനം സ്വീകരിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ